# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.234** **07.12.2018-ൽ മറുപടിയ്ക്ക്**

### പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളുടെ നിലവാരം ഉയർത്താനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>**1.** പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടി ഐ.റ്റി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്രം ആവിഷ്കരിച്ച Upgradation of Govt.ITI's through PPP എന്ന പദ്ധതിയിൽ വകുപ്പിന്റെ ഏലത്തൂർ ഐ.റ്റി.ഐ-ൽ വെൽഡർ ട്രേഡ്, മംഗലം ഐ.റ്റി.ഐ-ൽ സർവ്വയർ ട്രേഡ്, പന്തളം ഐ.റ്റി.ഐ-ൽ ഇലക്ട്രീഷ്യൻ, എം.എം.വി., മര്യാപുരം ഐ.റ്റി.ഐ-ൽ സർവ്വേയർ, എം.എം.വി എന്നീ കോഴ്സുകൾ ആരംഭിച്ച് കോഴ്സുകൾക്ക് NCVT അംഗീകാരം നേടുകയും ചെയ്തു. കൂടാതെ വർക്കല ഐ.റ്റി.ഐ യിൽ ഡി-സിവിൽ ട്രേഡും, വി.ആർ. പുരം ഐ.റ്റി.ഐ യിൽ ഇലക്ട്രീഷ്യൻ ട്രേഡും പുതുതായി ആരംഭിച്ചു. NCVT അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>**2.** മര്യാപുരം, കളക്കട, ഓച്ചിറ, പന്തളം, ഐക്കാട്, എങ്കക്കാട്, മംഗലം എന്നീ 7 ഐ.റ്റി.ഐ-കൾ ഹോസ്റ്റൽ സൗകര്യത്തോടുകൂടി MRITI-കൾ ആക്കുകയും എങ്കക്കാട്, മംഗലം എന്നിവ ഒഴികെയുള്ള എം.ആർ.ഐ.റ്റി.ഐ. കളുടെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.കളിൽ പ്രായോഗിക പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും മെഷീനറികളും ഉൾപ്പെടുത്തി പ്രാക്ടിക്കൽ ഹാൾ, കമ്പ്യൂട്ടർ ലാബ്, ടെലഫോൺ കണക്ഷൻ തിയറി ക്ലാസുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് LCD പ്രൊജക്ടർ, ഫോട്ടോകോപ്പിയർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ITI കൾക്കും വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ITI യിലെ അദ്ധ്യാപകരെ ATI യുടെ വിവിധ സെൻററുകളിൽ അയച്ച് ട്രെയിനിംഗ് നൽകി വരുന്നു. ഐ.റ്റി.ഐ.കളിൽ വിവിധ ട്രേഡുകളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ട്രേഡിൽ പരിജ്ഞാനം നേടുന്നതിനോടൊപ്പം തന്നെ കമ്പ്യൂട്ടർ പരിജ്ഞാനവും നേടുന്നതിലേക്കായി എല്ലാ ഐ.റ്റി.ഐ കളിലും കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. കൂടാതെ എല്ലാ ഐ.റ്റി.ഐ കളിലും 3DM വിഷ്വൽ ടീച്ചിംഗ് എയ്ഡും സ്ഥാപിച്ചു. എല്ലാ ഐ.റ്റി.ഐ.കൾക്കും NCVT അംഗീകാരം ലഭിക്കുകയും ചെയ്തു.<br>**3.** ഐ.റ്റി.ഐ.കളിലെ ട്രെയിനികൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>**4.** സ്ഥലസൗകര്യമുള്ള ഐ.റ്റി.ഐ. കളിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുന്നതിനും ഏകവത്സര കോഴ്സുകളായ പ്ലംബർ, കാർപെന്റർ, വെൽഡർ എന്നീ ട്രേഡുകൾക്ക് ഓരോ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കളിൽ നിലവിൽ പരിശീലിപ്പിക്കുന്നതും മാറിയ സാഹചര്യത്തിൽ അനുയോജ്യമല്ലാത്തതുമായ കോഴ്സുകൾക്ക് പകരം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതുമായ വിഷയങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br>**5.** ഐ.ടി.ഐ.കളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്കുകൾ വാങ്ങി നൽകുന്നു. |
| (ബി) | പ്രസ്തുത ഐ.ടി.ഐ.കളിൽ നിന്ന് പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ നിന്നും പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സ്വദേശത്തും, വിദേശത്തും തൊഴിൽ ലഭിക്കുന്നുണ്ട്. ഐ.ടി.ഐ.യിൽ നിന്നും പാസ്സാകുന്ന ട്രെയിനികൾക്ക് ഐ.ടി.ഐ. തലത്തിൽ ട്രെയിനിംഗ് സൂപ്രണ്ടുമാർ വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലെയിസ്മെൻറ് അസിസ്റ്റൻസ് നൽകുന്നുണ്ട്. ഇത് ട്രെയിനിംഗ് ഇൻസ്പെക്ടർമാർ മേഖലാ തലത്തിൽ വിലയിരുത്താറുണ്ട്. വകുപ്പിന് കീഴിൽ ഐ.ടി.ഐ. കളിൽ നിന്നും പാസ്സാകുന്ന ട്രെയിനികളെ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ വിവിധ കമ്പനികളെ ഉൾപ്പെടുത്തി 2016, 2017 എന്നീ വർഷങ്ങളിൽ ജോബ് ഫെയർ നടത്തുകയും ട്രെയിനികൾക്ക് ജോലി ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ഐ.റ്റി.ഐ. കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ടൂൾ കിറ്റ് വിതരണവും നടത്തി വരുന്നുണ്ട്. |
| (സി) | പട്ടികജാതിയിൽപ്പെട്ടവർക്കായി നടത്തി വരുന്ന നൈപുണ്യ, തൊഴിൽ ദായക പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് വളരെയധികം പ്രയോജനപ്രദമായ നൈപുണ്യ, തൊഴിൽ ദായക പരിശീലന പരിപാടികൾ വിവിധ നിർവ്വഹണ ഏജൻസികൾ മുഖേന പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹൗസ് കീപ്പിംഗ് (അറ്റൻഡന്റ്)<br>2. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫുഡ് ആന്റ് ബിവറേജസ് സർവീസസ്<br>3. ഡിപ്ലോമ ഇൻ ടൂൾ ആൻറ് ഡൈ മേക്കിംഗ്<br>4. ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ് എൻജിനീയറിംഗ്<br>5. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എൻജിനീയറിംഗ്<br>6. ഡിപ്ലോമ ഇൻ മെക്കാട്രോണിക്സ്<br>7. ചുവർ ചിത്രരചനയിലും ഗ്ലാസ് പെയിൻറിംഗിലും താൽപര്യമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ്.<br>8. അഡ്വാൻസ്ഡ് ഇംഗ്ലീഷ് ലാംഗ്വേജ് ട്രെയിനിംഗ് ആന്റ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് ഫോർ എസ്.സി. വുമൺ<br>9. പ്രാക്ടിക്കൽ ഓറിയൻറഡ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ അഡ്വാൻസ്ഡ് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്.<br>10. പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈൻ മാനുഫാക്ചറിംഗ്<br>11. പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈൻ ആൻറ് ഡെവലപ്മെന്റ്<br>12. നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം<br>13. IELTS ട്രെയിനിംഗ് പ്രോഗ്രാം<br>14. അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി സ്കിൽസ് കോഴ്സ് ഫോർ എസ്.സി. വുമൺ<br>15. എൻലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആൻറ് റിഗ് - ഫാബ്രിക്കേറ്റർ/ഫിറ്റർ (3 മാസം)<br>16. എൻലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആൻറ് റിഗ് - ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ (3 മാസം)<br>17. ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ് |

| | | | |
|---|---|---|---|
| | | | 18.ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി<br>19.ഡിപ്ലോമ ഇൻ പഞ്ചകർമ്മ<br>20.സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം ഓൺ ഓർഗാനിക് ഗ്രോവർ<br>21.സർട്ടിഫിക്കറ്റ് ഇൻ ഗ്രാഫിക്സ് & വെബ് ഡിസൈനിംഗ് (4 മാസം)<br>22.സർട്ടിഫിക്കേഷൻ ഇൻ ബാങ്കിംഗ് & ഫിനാൻഷ്യൽ സർവീസ് (2 മാസം)<br>23.ഇൻറേൺഷിപ്പ് സർട്ടിഫിക്കേഷൻ ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവീസ് (ഒരു മാസം)<br>24.സ്പോർട് സ് ഫിസിയോതെറാപ്പി<br>25.ഫിറ്റ്നസ് ട്രെയിനർ/ഇൻസ്ട്രക്ടർ<br>26.സ്കിൽ ട്രെയിനിംഗ് ഇൻ സി.സി.റ്റി.വി. ടെക്നീഷ്യൻ കോഴ്സ്<br>27.B.Voc. പ്രോഗ്രാം ഇൻ അപ്പാരൽ ഫാഷൻ ടെക്സ്റ്റയിൽസ്<br>28.സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻ<br>29.സ്കിൽ ട്രെയിനിംഗ് ഫോർ ടെക്നീഷ്യൻ ഇൻ കമ്പ്യൂട്ടിംഗ് പെരിഫറൽസ്<br>30.സെയിൽസ് എക്സിക്യൂട്ടീവ് അറ്റ് അട്ടോമോട്ടീവ് ഡീലർഷിപ്പ്<br>31.ഡിപ്ലോമ ഇൻ പേഷ്യൻറ് കെയർ മാനേജ്മെൻറ്<br>32.ഡിപ്ലോമ ഇൻ ജെറിയാട്രിക് കെയർ<br>33.സോളാർ ഇൻസ്റ്റാലേഷൻ &റിപ്പയറിംഗ് ടെക്നീഷ്യൻ<br>34.ഫീൽഡ് ടെക്നീഷ്യൻ ഇൻ എയർ കണ്ടീഷൻ<br>35.പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ |
| (ഡി) | വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | വിദേശത്ത് തൊഴിൽ തേടി പോകുന്ന പട്ടികജാതി വിഭാഗക്കാരായ ഗുണഭോക്താക്കൾക്ക് യാത്രാ സംബന്ധമായും വിസ സംബന്ധിച്ചുമുള്ള ചെലവുകൾക്കായി 1.00 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. 2017-18 വർഷത്തിൽ 600 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം 500 പേർക്ക് ടി പദ്ധതിയ്ക്കായി 5.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**